(ബി) 1975 മുതൽ പദ്ധതി നിലവിൽവന്നു. കേന്ദ്ര സർക്കാരിന്റെ മാനവശേഷി മന്ത്രാലയത്തിന് കീഴിലുള്ള വനിതാ ശിശുക്ഷേമ വകുപ്പിന്റെ ധനസഹായത്തോട് കൂടിയാണ് ക്രഷുകൾ പ്രവർത്തിക്കുന്നത്.

(സി&ഡി) കേന്ദ്ര സർക്കാരിന്റെ മാനവശേഷി മന്ത്രാലയത്തിന് കീഴിലുള്ള വനിതാ ശിശുക്ഷേമ വകുപ്പിന്റെ ധനസഹായത്തോടുകൂടിയാണ് ക്രഷുകൾ പ്രവർത്തിക്കുന്നത്. ആയതിനാൽ ക്രഷുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും

279 (1704) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടതും നിയമപരമായി ബന്ധം വേർപെടുത്തിയതുമായ സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും വിശദമാക്കുമോ ;

(ബി) ഇവ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്നതും പെൺമക്കൾ മാത്രമുള്ളതുമായ സ്ത്രീകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാണോയെന്നുള്ള വിവരം അറിയിക്കുമോ ?

ഉത്തരം

(എ-സി) ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടതും നിയമപരമായി ബന്ധം വേർപെടുത്തിയതുമായ സ്ത്രീകൾക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന പ്രത്യേക ക്ഷേമപദ്ധതികളോ ആനുകൂല്യങ്ങളോ നൽകുന്നില്ല.

സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ

280 (1705) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ ;

(ബി) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി എന്തെല്ലാം പദ്ധതികളുണ്ടെന്നും ഏതെല്ലാം തരത്തിലുള്ള ധനസഹായമാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നു :

1. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരമുയർത്തൽ
2. മാനസിക വെല്ലുവിളി നേരിടുന്ന വനിതകൾക്കായുള്ള പാർപ്പിടം
3. എന്റെ കൂട് പദ്ധതി
4. വയനാട്ടിലെ വിവിധ കഴിവുള്ളവർക്കായുള്ള തൊഴിലധിഷ്ഠിത പുനരധിവാസ സ്ഥാപനം
5. സംയോജിത ശിശു വികസന സേവന പദ്ധതി
6. കിശോരിശക്തി യോജന
7. കുട്ടികൾക്ക് വേണ്ടിയുള്ള പോഷകാഹാര പദ്ധതി
8. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സാമൂഹ്യ മനഃശാസ്ത്ര സേവനം
9. സമഗ്ര ശിശു സംരക്ഷണ പദ്ധതി
10. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി
11. അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ-ഒരു ജീവിത ചക്രസമീപനം
12. വനിതാ വികസന പദ്ധതി
13. സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി
14. ജെൻഡർ പാർക്ക്
15. ജെൻഡർ അഡ്വൈസറി ബോർഡ്
16. ഇന്ദിരാഗാന്ധി മാതൃത്വസഹയോഗ് യോജന
17. വനിതകൾക്ക് വേണ്ടിയുള്ള അഭയകേന്ദ്രങ്ങൾ
18. നിർഭയ പദ്ധതി

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. സ്വയം തൊഴിൽ നേടുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം.

2. അഭ്യസ്തവിദ്യരായ വനിതകളെ ജോലി നേടുവാൻ പ്രാപ്തരാക്കുന്ന റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാദമി ഫോർ കരിയർ ഹൈറ്റ്സ്. (REACH)

3. സർക്കാർ, അർദ്ധസർക്കാർ, പ്രൈവറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വനിതകൾക്കായി നടത്തിവരുന്ന വനിതാ ഹോസ്റ്റലുകൾ.

4. കേരളത്തിലെ 40 പ്രമുഖ കോളേജുകളിൽ വിമൻ സെല്ലുകൾ

5. വനിതാ സൗഹൃദ ഷീ-ടോയ്ലറ്റുകൾ

6. വിവിധ ജെൻഡർ അവയർനെസ്സ് പരിപാടികൾ സ്ത്രീകൾക്കും കുട്ടികൾക്കുമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിവരുന്നു. ഇതിൽ ആയോധന കലയിൽ പരിശീലനവും വയോജന പരിപാലന പരിശീലനവും ഉൾപ്പെടുന്നു.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു :

1. പൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവരെ പുനരധിവസിപ്പിക്കുന്ന സ്നേഹസ്പർശം പദ്ധതി.

2. 18 വയസ്സുവരെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിൽസ നൽകുന്ന ക്യാൻസർ സുരക്ഷാ പദ്ധതി.

3. ജനിതക രോഗങ്ങളും മറ്റ് ഗുരുതര രോഗങ്ങളും ബാധിച്ച 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കായുള്ള താലോലം പദ്ധതി.

4. അനാഥരായ കുട്ടികൾക്ക് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുന്നതിന് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി.

5. അഞ്ച് വയസിന് താഴെയുള്ള ബധിരരായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുന്നതിനുള്ള ശ്രുതിതരംഗം പദ്ധതി.

6. ഒരു മുഴുവൻ പരിചാരകന്റെ ആവശ്യമുള്ള രോഗികളെ പരിചരിക്കുന്നവർക്ക് ധനസാഹയം നൽകുന്ന ആശ്വാസ കിരണം പദ്ധതി.

7. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസ പെൻഷൻ നൽകുന്ന സ്നേഹസാന്ത്വനം പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

8. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം.

9. വൃക്ക/കരൾ/ഹീമോഫീലിയ രോഗികൾക്ക് ധനസഹായം നൽകുന്ന സമാശ്വാസം പദ്ധതി.

10. വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള വയോമിത്രം പദ്ധതി.

(ബി) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടിയുള്ള പദ്ധതികൾ താഴെപ്പറയുന്നു:

1. വികലാംഗ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി.

2. വൈകല്യം മുൻകൂർ കണ്ടെത്തുന്നതിനും, തടയുന്നതിനും, വൈകല്യ ബാധിതരുടെ വിദ്യാഭ്യാസത്തിനും, തൊഴിലിനും പുനരധിവാസത്തിനുമായുള്ള സംസ്ഥാന സംരംഭം.

3. വയനാട്ടിലെ വിവിധ കഴിവുള്ളവർക്കായുള്ള തൊഴിലധിഷ്ഠിത പുനരധിവാസ സ്ഥാപനം.

4. മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കുള്ള പിന്തുണയും, പുനരധിവാസത്തിനുമുള്ള മാതൃകാ പരിപാടി.

5. സംസ്ഥാന വൈകല്യ സർവ്വേ.

6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരമുയർത്തൽ. ടി സ്ഥാപനത്തിലെ പഠിതാക്കൾക്ക് പ്രതിമാസം 300 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകിവരുന്നു.

7. ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിയ്ക്ക് 1 വർഷത്തിന് ശേഷം നിക്ഷേപിച്ച തുക തിരിച്ച് നൽകുകയും ടി തുകയിൽ നിന്ന് ലഭിക്കുന്ന പലിശയും സാമൂഹ്യ സുരക്ഷാ മിഷന്റെ ഫണ്ടിൽ നിന്നും തത്തുല്യ തുകയും ചേർത്ത് മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിയ്ക്ക് നൽകുന്ന പദ്ധതിയായ കാരുണ്യ ഡെപ്പോസിറ്റ് സ്കീം.

8. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതി പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ ഉൾപ്പെടെ എല്ലാ വൈകല്യങ്ങളും തടയുന്നതിനായി കുഞ്ഞുങ്ങൾക്ക് എം.എം.ആർ.-ഉം കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് റുബെല്ല വാക്സിനേഷനും വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly